''ഭരണഭാഷ-മാതൃഭാഷ''

നമ്പർ എസ്.എസ്/01/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 03-10-2019

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - കലാ-കായിക മേളകൾ - കളർപൊടികൾ വിതറുന്നതുപോലുള്ള സംഭവങ്ങൾ തടയുന്നതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:

സംസ്ഥാനത്ത് നടന്നു വരുന്ന സ്കൂൾ മേളകളിലും ആഘോഷങ്ങളിലും കുട്ടികൾ തമ്മിൽ കളർപൊടികൾ ശരീരത്തിൽ വിതറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാരകമായ രാസവസ്തുക്കൾ അടങ്ങിയ ഇത്തരം പൊടികൾ കുട്ടികൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള പശ്ചാത്തലത്തിൽ, സ്കൂളുകളിൽ നടക്കുന്ന ആഘോഷ പരിപാടികളിൽ യാതൊരുതരത്തിലുള്ള കളർപൊടികളും വിതറുന്നില്ലാ എന്നും, ആഘോഷപരിപാടികൾ സമാധാനപരമായാണ് നടക്കുന്നതെന്നും എല്ലാ ഉദ്യോഗസ്ഥരും ഉറപ്പുവരുത്തണം. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുന്ന പക്ഷം കർശനമായ അച്ചടക്ക നടപടികൾ പ്രിൻസിപ്പൽ/ പ്രഥമാദ്ധ്യാപകർ സ്വീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്;

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി)

പകർപ്പ്;

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രിൻസിപ്പൽ/ വൈസ് പ്രിൻസിപ്പൽ/ പ്രഥമാധ്യാപകർക്കും
(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)